ഉത്തരം

(എ) 1063 പുതിയ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	എണ്ണം
1	തിരുവനന്തപുരം	106
2	കൊല്ലം	109
3	പത്തനംതിട്ട	32
4	ആലപ്പുഴ	25
5	കോട്ടയം	65
6	ഇടുക്കി	50
7	എറണാകുളം	86
8	തൃശ്ശൂർ	128
9	പാലക്കാട്	51
10	മലപ്പുറം	104
11	കോഴിക്കോട്	94
12	വയനാട്	20
13	കണ്ണൂർ	143
14	കാസർഗോഡ്	50
	ആകെ	1063

(ബി) 482 സഹകരണ സ്ഥാപനങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രവർത്തനരഹിതമായതും പുനരുദ്ധരിക്കാൻ സാദ്ധ്യതയില്ലാത്തതുമായ സംഘങ്ങളാണ് ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്.

സഹകരണ മേഖലയിലുള്ള ബോർഡ്, ഫെഡറേഷൻ എന്നിവ

102 [2971] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ ഏതൊക്കെ ബോർഡ്, ഫെഡറേഷൻ എന്നിവ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഭരണവാഹികം, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോർഡ്, ഫെഡറേഷൻ എന്നിവകളുടെ പ്രവർത്തന പരിധി, ലക്ഷ്യം എന്നിവ വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനങ്ങളിലെല്ലാമായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;

(ഇ) നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് സർക്കാരിൽനിന്ന് എത്ര സംഖ്യ സഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ മേഖലയിൽ ബോർഡുകൾ ഒന്നും ആരംഭിച്ചിട്ടില്ല. സഹകരണ ഫെഡറേഷൻ വിഭാഗത്തിൽ കേരള വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം നം. 4440 (വനിതാഫെഡ്) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഭാരവാഹികളുടെയും ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും പേരു വിവരം ചുവടെ ചേർക്കുന്നു:

1.	ശ്രീമതി ആലീസ് കൃഷ്ണൻ	പ്രസിഡൻറ്
2.	,, പുഷ്പി ജോസഫ്	വൈസ് പ്രസിഡൻറ്
3.	,, സീതാവിക്രമൻ	ഡയറക്ടർ ബോർഡ് അംഗം
4.	,, അനിതാ സുനിൽ	,,
5.	,, കെ. പത്മിനി അമ്മ	,,
6.	,, റസിയാ സലിം	,,
7.	,, സി. കെ. രാജമ്മ	,,
8.	,, എൻ. കെ. തങ്കമ്മ	,,
9.	,, എം. എ. ഗിരിജ	,,
10.	,, കെ. പാറുക്കുട്ടി അമ്മ	,,
11.	,, കെ. ജാനകി	,,
12.	,, അനുഷാജു	,,
13.	,, വാസന്തി ബാബുരാജ്	,,

ഒരംഗത്തിന്റെ ഒഴിവ് നിലവിലുണ്ട്.

(സി) കേരള വനിതാ സഹകരണ ഫെഡറേഷന്റെ പ്രവർത്തന പരിധി കേരള സംസ്ഥാനം മുഴുവൻ വ്യാപിച്ചിരിക്കുന്നു. സംയോജിത വായ്പകളും സേവനങ്ങളും കാര്യക്ഷമമായും, ഏകോപിപ്പിച്ചും അംഗസംഘങ്ങൾ മുഖേന നൽകുകയും തദ്വാര സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക നിലവാരം മെച്ചപ്പെടുത്തുകയുമാണ് വനിതാ ഫെഡറേഷന്റെ ലക്ഷ്യം.

(ഡി) സ്ഥിരം ജീവനക്കാരെ ഈ സ്ഥാപനത്തിൽ നിയമിച്ചിട്ടില്ല. സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരാളെ നിയമിച്ചിട്ടുണ്ട്. അത്യാവശ്യ ഓഫീസ് കാര്യങ്ങളിൽ എം.ഡി.-യെ സഹായിക്കുന്നതിന് ദിവസക്കൂലി ഇനത്തിൽ രണ്ട് പേർ ജോലി ചെയ്യുന്നു.

(ഇ) കേരള സഹകരണ നിയമത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണതത്വം പാലിക്കാൻ വ്യവസ്ഥയുള്ളതിനാൽ പ്രത്യേക നിർദ്ദേശം നൽകേണ്ടതില്ല.

മാത്രമല്ല സ്ഥിരം നിയമനം നടക്കാത്ത സാഹചര്യത്തിൽ ചോദ്യത്തിന് പ്രസക്തിയില്ല.

(എഫ്) കേരള വനിതാ സഹകരണ ഫെഡറേഷന് സർക്കാരിൽനിന്നും പുഷ്പകൃഷി, ഫലവർഗ്ഗ പച്ചക്കറി സംസ്ക്കരണം എന്നീ പദ്ധതികൾക്കായി 1,00,42,500 രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 20,08,500 രൂപ സബ്സിഡിയായും 40,17,000 രൂപ ഓഹരിയായും 40,17,000 രൂപ വായ്പയായിട്ടുമാണ് അനുവദിച്ചിട്ടുള്ളത്. ഇവയിൽ 25 ലക്ഷം രൂപ ഓഹരിയിനത്തിലും 15 ലക്ഷം രൂപ സബ്സിഡിയിനത്തിലും പിൻവലിക്കുന്നതിന് ടി ഫെഡറേഷന് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly